**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5814** **25-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രഖ്യാപിച്ച പദ്ധതി വിഹിതം എത്രയായിരുന്നെന്നും ഇത് പദ്ധതി അടങ്കലിന്റെ എത്ര ശതമാനമായിരുന്നെന്നും സാമ്പത്തിക പ്രതിസന്ധി കാരണം പദ്ധതി വിഹിതം വെട്ടിക്കുറച്ചതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ അനുവദിച്ച പദ്ധതി വിഹിതം എത്രയാണെന്നും പ്രസ്തുത തുക പദ്ധതി അടങ്കലിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ; | (എ) | 2024-25 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി വിഹിതം 8352 കോടി രൂപയാണ്. ഇത് പദ്ധതി അടങ്കലിന്റെ 27.5 ശതമാനമാണ് പദ്ധതി അടങ്കലിനു പുറമെ 180 കോടി രൂപ നഗര പ്രദേശങ്ങളുടെ KSWMP (കേരള ഖരമാലിന്യ നിർമ്മാർജ്ജന പ്രോജക്ടിനായി) വകയിരുത്തിയിട്ടുണ്ടായിരുന്നു. സാമ്പത്തിക പ്രതിസന്ധി കാരണം പ്രാദേശിക സർക്കാരുകളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടില്ല. കേന്ദ്രസർക്കാരിൽ നിന്നും നഗരകാര്യ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റും ആരോഗ്യമേഖല ഗ്രാന്റുമൊഴിച്ചുള്ള തുകയായ 7048.72 കോടി രൂപ നാളിതുവരെ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിട്ടുണ്ട്. ഇത് പദ്ധതി അടങ്കലിന്റെ 23.21 ശതമാനമാണ്. |
| (ബി) | പദ്ധതി വിഹിത ഇനത്തിൽ നാളിതുവരെ നടപ്പ് സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്നും പ്രസ്തുത തുക പദ്ധതി അടങ്കലിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ? | (ബി) | മറുപടി പിരിവ് (എ) ലഭ്യമാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ